ദീപിക

25 August 2017



എറണാകുളം സിഎംഎഫ്ആർഐയിൽ നടന്ന കാർഷിക വികസന പദ്ധതി വിശദീകരണ പരിപാടിയിൽ കെ.വി. തോമസ് എംപി നവഭാരത പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

### ജില്ലാതല പ്രഖ്യാപനം നടത്തി

# കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ കർമപദ്ധതി

**കൊച്ചി:** കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച കർമ പദ്ധതിയുടെ എറണാകുളം ജില്ലാതല പ്രഖ്യാപനവും വിശദീകരണവും കേന്ദ്രസമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്നു. 2022ഓടുകൂടി വരുമാനം ഇരട്ടിയാക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കിയുള്ള ഓൺലൈൻ വിപണന സംവിധാനങ്ങൾ കർഷകർ പ്രയോജനപ്പെടുത്തണമെന്ന് പദ്ധതി രേഖ നിർദേശിച്ചു.

കേന്ദ്രം ആവിഷ്കരിച്ച കാർഷിക വിപണന സംവിധാനമായ ഇ-നാം പദ്ധതിയിലൂടെ 455 വിപണന കേന്ദ്രങ്ങൾ ബന്ധിപ്പിച്ചിട്ടുണ്ട്. ഏകീകൃത ദേശീയ വിപണിയായ ഇ-നാം ഉപയോഗിക്കുന്നതിലൂടെ ഇടനിലക്കാരിലൂടെയുള്ള നഷ്ടം ഒഴിവാക്കി കർഷകർക്ക് കൂടുതൽ വില ലഭിക്കുമെന്ന് കർമരേഖയിൽ പറയുന്നു. കാലാവസ്ഥ വ്യതിയാനം, കമ്പോള നിലവാരം, വിള സംരക്ഷണം തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന മൊബൈൽ, ഇന്റർനെറ്റ് സേവനങ്ങൾ കർഷകർ പരമാവധി പ്രയോജനപ്പെടുത്തണമെന്നും കർമരേഖയിൽ നിർദേശമുണ്ട്.

കാർഷിക നഷ്ടങ്ങൾ കുറയ്ക്കുന്നതിനായുള്ള പ്രധാനമന്ത്രി ഫസൽ ഭീമാ യോജന പദ്ധതിയിലൂടെ വായ്പാ ഇൻഷ്വറൻസ് പരിരക്ഷ എല്ലാ കർഷരും ഉറപ്പാക്കണമെന്നും വരുമാനം വർധിപ്പിക്കുന്നതിന് കൃഷി ചെലവ് കുറയ്ക്കുന്ന ജൈവകൃഷി പിന്തുടരണമെന്നും കർമരേഖയിലുണ്ട്.

കൃഷി, പാൽ ഉത്പാദനം, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയുടെ സംയോജിത പ്രവർത്തനപദ്ധതികൾ വരുമാന വർധനയ്ക്ക് സഹായകരമാകും. വിളവെടുപ്പിന് ശേഷം ആറു മാസം വരെ ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംഭരണശാലകൾ ഒരുക്കുന്നതിന് കുറഞ്ഞ പലിശനിരക്കിലുള്ള വായ്പാ പദ്ധതികൾ കർഷകർ പ്രയോജനപ്പെടുത്തണമെന്നും കർമരേഖയിൽ നിർദേശിക്കുന്നു. സിഎംഎഫ്ആർഐക്ക് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച പരിപാടിയിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. പ്രവീൺ പുത്ര കർമപദ്ധതിയുടെ പ്രഖ്യാപനവും വിശദീകരണവും നിർവഹിച്ചു.

പരിപാടി കെ.വി. തോമസ് എംപി ഉദ്ഘാടനം ചെയ്തു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് കേരളത്തിൽ ഇപ്പോഴും ഫലപ്രദമായ സംവിധാനങ്ങളില്ലെന്ന് അദ്ദേഹം പറഞ്ഞു. നവഭാരത പ്രതിജ്ഞയ്ക്ക് അദ്ദേഹം നേതൃത്വം നൽകി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

ഇതോടനുബന്ധിച്ച് എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച കർഷക-ശാസ്ത്രജ്ഞ മുഖാമുഖവും ശ്രദ്ധേയമായി. 'സ്വന്തം കൃഷിയും ഭക്ഷ്യോത്പാദനവും' എന്ന വിഷയത്തിൽ നടന്ന മുഖാമുഖത്തിൽ ജൈവ പച്ചക്കറി കൃഷി, മുട്ടയുത്പാദനം, മൃഗസംരക്ഷണം, ഇറച്ചി ഉത്പാദനം, മത്സ്യകൃഷി, മണ്ണ് പരിപാലനം, ജൈവവളങ്ങളുടെയും മൂല്യവർധിത വസ്തുക്കളുടെയും ഉത്പാദനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് കർഷകർ ചോദ്യങ്ങൾ ചോദിച്ചു.